# ഫാസിസവും പ്രതിരോധവും

## ജനനീതി സംഘടിപ്പിക്കുന്ന പൊതുസംവാദങ്ങൾ

വേദി: വൈലോപ്പിള്ളി ഹാൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.

**പ്രഭാഷണം 1: 2015 ഡിസംബർ 10, 5 pm**
**പ്രഭാഷകൻ: പ്രൊഫ. ഹമീദ് ചേന്ദമംഗലൂർ**




മനുഷ്യാവകാശദിനമായ ഡിസംബർ 10 ന് ജനനീതിയുടെ ഫാസിസ്റ്റ് പ്രതിരോധ പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനം കുറിച്ചു.

ചിന്തകനും, ഗ്രന്ഥകാരനും, സാമൂഹ്യ വിമർശകനും മതമൗലീകവാദികളുടെ ശക്തനായ പ്രതിയോഗിയുമായ പ്രൊഫ. ഹമീദ് ചേന്ദമംഗലൂരിന്റെ പ്രഭാഷണത്തോടെയായിരുന്നു തുടക്കം.

ഫാസിസത്തിന്റെ പൊതുസ്വഭാവം സ്വേഛാധിപത്യമാണ്. അവിടെ പ്രതിപക്ഷം പൂർണ്ണമായും അപ്രത്യക്ഷമായിരിക്കും. ലോകം കണ്ട വലിയ ഫാസിസ്റ്റുകളായ മുസ്സോളിനിയും ഹിറ്റ്ലറും സോഷ്യലിസ്റ്റുകളായി കടന്നുവന്നവരാണ്. അനിയന്ത്രിതമായ അധികാരമാണ് അവരെ സ്വേഛാധിപതികളാക്കിയത്.

ഫാസിസം അതിന്റെ കൃത്യമായ അർത്ഥത്തിൽ ഇന്ത്യയിൽ യാഥാർത്ഥ്യമായി എന്നുപറയാൻ കഴിയില്ല. ദുർബ്ബലമെങ്കിലും ഇവിടെ ഒരു പ്രതിപക്ഷമുണ്ട്. എന്നാൽ ഫാസിസ്റ്റ് പ്രവണതകൾ ഇന്ത്യയിലെമ്പാടും ശക്തമായിരിക്കുന്നു.

അസമത്വങ്ങളെയും അനാചാരങ്ങളെയും അന്ധവിശ്വാത്തേയും ചോദ്യം ചെയ്ത നരേന്ദ്രബോർക്കറും, ഗോവിന്ദ് പൻസാരയും എം. എം. കുൽബുർഗിയും ഇവിടെ കൊല്ലപ്പെട്ടു. അവരെ വധിച്ചത് ഏതാനും വ്യക്തികളോ ചില വിധ്വംസക സംഘടനകളോ ആണെന്ന് പറയുന്നതിലും ശരി, അതൊരു ചിന്താധാരയാണെന്ന് ചിന്തിക്കുന്നതാണ്. ഗാന്ധിജി വധിക്കപ്പെട്ടപ്പോൾ ശ്രീ വിനോബാഭാവെയും ഇതുതന്നെയാണ് പറഞ്ഞത്. അതുകൊണ്ട് ചിന്താധാരയാണ് നമ്മുടെ മുമ്പിലുള്ള പ്രശ്നം.

2010 ൽ തൊടുപുഴയിൽ കോളേജ് അധ്യാപകനായ ജോസഫിന്റെ കൈ വെട്ടിയെടുത്തത് ഇത്തരമൊരു ചിന്താധാരയുടെ ഫലമായിട്ടാണ്. 1993 ൽ ചോകന്നൂർ മൗലവിയെ കൊലപ്പെടുത്തിയതും ഇതേ ചിന്താധാരയാണ്.

കൊല്ലുന്നവരുടെ മതമേതാണ്? അവർക്ക് മതമുണ്ട്. മതത്തിന്റെ പേരിലാണവർ അക്രമം നടത്തുന്നത്. ഏതാണവരുടെ മതം?

മതത്തിന് രണ്ടു രൂപങ്ങളുണ്ട്:- ഒന്ന് - സത്യത്തിന്റെ മതം, മൂല്യങ്ങളുടേതുമാണത്.




രണ്ട് - സ്വത്വത്തിന്റെ മതം, വിദ്വേഷവും വെറുപ്പും ആണ് അതിന്റെ മുഖമുദ്ര.

സ്വത്വത്തിന്റെ വക്താക്കൾക്ക് മറ്റെല്ലാ മതങ്ങളും തെറ്റാണ്, ശത്രുവുമാണ്. മതത്തെ സ്വത്വത്തിന്റെ പ്രശ്നമായി കാണുമ്പോഴാണ് കലഹം ആരംഭിക്കുന്നത്. ഗാന്ധിജിയുടേത് സത്യത്തിന്റ മതമാണെങ്കിൽ ഗോഡ്സെയുടേത് സ്വത്വത്തിന്റെ മതമാണ്. മതത്തിലെ ഈ രണ്ട് ധാരകൾക്കിടയിൽ വലിയ അന്തരമുണ്ട്.

ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ നമ്മുടെ മതിലുകളിൽ പ്രത്യക്ഷപ്പെട്ട ചില പോസ്റ്ററുകൾ നാം ശ്രദ്ധിച്ചുവോ?

അതിലിങ്ങനെ എഴുതിയിരുന്നു- "തകർക്കപ്പെട്ടത് പള്ളിയല്ല, നിങ്ങളാണ്".




സത്യത്തിന്റെ മതം ബഹുസ്വരതയുടേതാണ്. എല്ലാ മതങ്ങളും അവിടെ ആദരിക്കപ്പെടുന്നു. സത്യത്തിനും മൂല്യങ്ങൾക്കും പരസ്പര സഹകരണം സാധ്യമാണ്. സ്വത്വമതങ്ങൾക്ക് സഹകരണം സാധ്യമല്ല. സ്വത്വത്തിന്റെ മതം യുദ്ധത്തേക്കുറിച്ച് ചിന്തിക്കുന്നു. അവർ കലഹങ്ങളും കലാപങ്ങളും ഉണ്ടാക്കുന്നു. സ്വത്വമതം ഏകസ്വരതയുടേതാണ്. ഏകസ്വരതയിൽനിന്നാണ് ഫാസിസം ഉദയം ചെയ്യുന്നത്. സ്വത്വത്തിന്റേത് മതരാഷ്ട്രീയമാണ്. സത്യത്തിന്റെ മതത്തിന് രാഷ്ട്രീയ സ്വഭാവമില്ല. ഹിന്ദുത്വയും ഇസ്ലാമിക സ്റ്റേറ്റും അവതരിപ്പിക്കുന്നത് രാഷ്ട്രീയവൽക്കരിക്കപ്പെട്ട മതങ്ങളെയാണ് (Political religions). അവർക്ക് രാഷ്ട്ര സങ്കൽപ്പങ്ങളുണ്ടാകും. ആർ.എസ്സ്.എസ്സ് ന്റെ ഹിന്ദു രാഷ്ട്രവും ഐ.എസ്സി ന്റെ ഇസ്ലാമിക് രാഷ്ട്രവും അതുകൊണ്ടാണ്. സിറിയയിലും ഇറാക്കിലും ഇത് യാഥാർത്ഥ്യമായിരിക്കുന്നു.

സുന്നിമുസ്ലീമുകളിൽ ഒരുവിഭാഗംമാത്രമാണ് ഇസ്ലാമിക് സ്റ്റേറ്റായി സ്വയം പ്രഖ്യാപിച്ചിരിക്കുന്നത്. മറ്റുള്ളവർക്കുമുമ്പിൽ, അവർ വച്ചിരിക്കുന്ന ഉപാധികൾ മൂന്നാണ്.

1. നിങ്ങൾ സുന്നി ഇസ്ലാമിക് ആയി പരിവർത്തനം ചെയ്യപ്പെട്ട് ഞങ്ങളോടൊപ്പം ചേരുക.
2. രണ്ടാംതര പൗരന്മാരായി, അവകാശങ്ങളൊന്നുമില്ലാത്തവരായി, ഞങ്ങൾക്ക് വിധേയപ്പെട്ട് ജീവിക്കുക.
3. മരിക്കാൻ തയ്യാറായിരിക്കുക.

രാഷ്ട്രീയമതം സൈനികമായും രാഷ്ട്രീയമായും ഈ രാജ്യങ്ങളിൽ നിലവിൽ വന്നുകഴിഞ്ഞു.

ഫറൂക്ക് കോളേജിൽ തുടങ്ങി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പടർന്നുകൊണ്ടിരിക്കുന്ന അരക്ഷിതാവസ്ഥയുടെ അടിസ്ഥാനം സ്ത്രീവിവേചനത്തിന്റേതല്ല. ആൺ പെൺ സങ്കലനത്തിന്റേതാണ്. ഒപ്പം, സംസ്കാരത്തിന്റെ സങ്കലനവും ഇവിടെ നടക്കുന്നുണ്ട്. പ്രതിമകൾ മുസ്ലീമുകൾക്ക് അനിസ്ലാമികമാണ്. രണ്ടായിരത്തിലധികം വർഷങ്ങളുടെ പഴക്കമുള്ള ബുദ്ധപ്രതിമകൾ അഫ്ഗാനിസ്ഥാനിൽ തകർക്കപ്പെട്ടത് അതുകൊണ്ടാണ്. ഇതിന്റെ ഉത്ഭവം സംസ്കാരശുദ്ധി എന്ന സങ്കല്പത്തിൽനിന്നാണ്.

ഒരു മതേതര സമൂഹത്തിന് ഒരു രാഷ്ട്രീയമതത്തെ ജനിപ്പിക്കാൻ കഴിയുമോ?

മതങ്ങളെല്ലാം രാഷ്ട്രേതര മതങ്ങളായിരിക്കണമെന്ന് ഇന്ത്യയിലെ ജനങ്ങൾ ആവശ്യപ്പെടണം. നമ്മുടെ പ്രതിരോധം ആരംഭിക്കേണ്ടത് ഈ ഘട്ടത്തിലാണ്. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം മൂന്ന് ഉപാധികൾക്ക് വിധേയമായിട്ടാണ്. മതസ്വാതന്ത്ര്യം പൊതു സമാധാനത്തിനോ, പൊതുജനാരോഗ്യത്തിനോ ധാർമ്മിക മൂല്യങ്ങൾക്കോ ഭീഷണിയാകരുത് എന്നാണത് പറയുന്നത്. എന്നാൽ അതുമാത്രം മതിയോ എന്ന് നാം ചിന്തിക്കണം. ഇന്ത്യ എന്ന മതേതര രാജ്യത്ത് രാഷ്ട്രീയ മതത്തെ/മതങ്ങളെ അനുവദിക്കാമോ? പാടില്ലാത്തതാണ്. അതിനാൽ നമ്മുടെ ഭരണഘടനയിൽ അത്തരമൊരു ഭേദഗതി അടിയന്തിരാവശ്യമാണ്. അങ്ങിനെവന്നാൽ ഹിന്ദുരാഷ്ട്രം, ഇസ്ലാമിക രാഷ്ട്രം തുടങ്ങിയ വാദങ്ങൾ പൊന്തിവരില്ല.









100 ശതമാനവും മതേതര മൂല്യങ്ങളോട് പ്രതിബദ്ധത പുലർത്തിക്കൊണ്ടുമാത്രമെ നമ്മുടെ മതേതര പ്രസ്ഥാനങ്ങൾക്ക് ഫാസിസത്തെ പ്രതിരോധിക്കാൻ കഴിയൂ. നമ്മുടെ ഇടതുപക്ഷ മതേതര പ്രസ്ഥാനങ്ങൾക്ക് അതിന് കഴിയുമോ?

പെരുമാൾ മുരുകന്റെ വിഷയത്തിൽ നമ്മുടെ ഇടതുപക്ഷ മതേതര പ്രസ്ഥാനങ്ങൾ ശക്തമായി രംഗത്തുവന്നു. അതുണ്ടാക്കിയ സാമൂഹ്യപ്രതിരോധം അത്ഭുതകരമായിരുന്നു. ബീഫ് ഫെസ്റ്റിവലിലും നാമത് തെളിയിച്ചു. എന്നാൽ ഈ പ്രതിബദ്ധതയും ആത്മാർത്ഥതയും ചേകന്നൂർ മൗലവി കൊല്ലപ്പെട്ടപ്പോഴും തൊടുപുഴയിൽ പ്രൊഫ. ജോസഫിന്റെ കൈ വെട്ടിയെടുത്തപ്പോഴും എവിടെയും കണ്ടില്ല. ഇടതുപക്ഷ മതേതര വാദികൾക്കും ബുദ്ധിജീവികൾക്കുമിടയിൽ ഇസ്ലാമിക തീവ്രവാദികളോടും തീവ്രവാദ സംഘടനകളോടും മൃദുസമീപനം പ്രകടമായി കാണാം.

ഹിന്ദുത്വ സംഘടനകൾ സമീപകാലത്ത് കൊണ്ടുവന്ന ഒരു അപകടകരമായ നയമാണ് 'ഘർ വാപസി'. മുൻകാലങ്ങളിൽ ഹിന്ദുക്കളായിരിക്കയും പീന്നീട് മറ്റുമതങ്ങളിലേക്ക് വരികയും ചെയ്തവരെ പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും തിരികെ കൊണ്ടുപോകുന്നു അവർ. വ്യക്തികളുടെ സ്വതന്ത്രമായ ഇഛയ്ക്കെതിരെ ഇത് സംഭവിക്കുമ്പോൾ നാം എതിർക്കുകയും അപലപിക്കുകയും വേണം. എന്നാൽ 'ഇസ്ലാംമതം ഉപേക്ഷിച്ചുപോകുന്നവരെ കൊല്ലണം' എന്ന് ഹൈദ്രാബാദിലെ ഒരു ഇസ്ലാംമതപണ്ഡിതൻ പരസ്യമായി പ്രഖ്യാപിച്ചപ്പോൾ നാമെന്തേ പ്രതികരിച്ചില്ല? ഒരു മുസ്ലീം കമ്യൂണിസ്റ്റായി മാറുമ്പോൾ മുസ്ലീം അല്ലാതാകുന്നുവെന്നും, അതിനാൽ കുടംബസ്വത്തിൽ അവകാശം നഷ്ടപ്പെടുമെന്നും അനുശാസിക്കുന്നവരെ എന്തുകൊണ്ട് നാം ചോദ്യം ചെയ്യുന്നില്ല?



ഫാസിസത്തെ ധൈഷികമായും സൈദ്ധാന്തികമായും നാം എതിർക്കേണ്ടിയിരിക്കുന്നു. Islam is a complete way of life എന്ന് പറയുന്നിടത്ത് ഇസ്ലാംമതം അവകാശപ്പെടുന്ന ഒരു സമ്പൂർണ്ണത ഈയർത്ഥത്തിൽ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. തെറ്റ് പറ്റാത്ത ദൈവത്തിന്റെ വചനം അപൂർണ്ണനായ മനുഷ്യൻ ഗ്രഹിക്കാൻ ശ്രമിക്കുമ്പോൾ സമ്പൂർണ്ണത നഷ്ടപ്പെടുന്നു. വീണ്ടും വീണ്ടും പൂർണ്ണതയിലേക്ക് എത്തിച്ചേരാൻ അവർ ശ്രമിക്കുമ്പോഴും തനിക്ക് സമ്പൂർണ്ണത കൈവരിക്കാൻ കഴിയില്ല, അതിനായി ആഗ്രഹിക്കാനേ കഴിയൂ എന്ന യാഥാർത്ഥ്യം അവൻ അംഗീകരിക്കേണ്ടിയിരിക്കുന്നു.

ജനനീതി ചെയർമാൻ പ്രൊഫ. എൻ. എൻ. ഗോകുൽദാസ് യോഗനടപടികൾ നിയന്ത്രിച്ചു. പ്രഭാഷകനും പ്രബുദ്ധമായ സദസ്സിനും അദ്ദേഹം കൃതജ്ഞത രേഖപ്പെടുത്തി.

*****************